സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,
നം: സി.ബി(1)14770/2014 തീയതി : 2-6-2014

*E-mail:keralarcs.coop@kerala.gov.in*
*Website:www.cooperation.kerala.gov.in*

# സർക്കുലർ നം : 24/2014

വിഷയം:- സഹകരണ വകുപ്പ് - സഹകരണ സംഘങ്ങൾ അവയുടെ ഇൻഷ്വറൻസ് ആവശ്യങ്ങൾ നിർവ്വഹിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 6-10-1997-ലെ ജി.ഒ. 75/97/ഫിൻ.
2. 13-11-2013-ലെ ജി.ഒ(എം.എസ്)നം. 556/13.
3. 21-02-2014-ലെ 16/14/ഫിൻ നമ്പർ സർക്കുലർ.

********

സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളും അവയുടെ ഇൻഷ്വറൻസ് ആവശ്യങ്ങൾ നിർവ്വഹിക്കേണ്ടത് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ആയിരിക്കണമെന്ന് രജിസ്ട്രാറുടെ 40/73, 2/75, സർക്കുലറുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു. രജിസ്ട്രാറുടെ 49/1978 സർക്കുലർ പ്രകാരം എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും അവയുടെ ഇൻഷ്വറൻസ് ആവശ്യങ്ങൾ ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനികൾ മുഖാന്തിരം നിർവ്വഹിക്കാവുന്നതാണെന്നും, സാദ്ധ്യമാകുന്നിടത്തോളം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവ്വഹിക്കുന്നത് ഉചിതമായിരിക്കുമെന്നും, എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളും ജില്ലാ സഹകരണ സ്ഥാപനങ്ങളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വറൻസ് ഇടപാടുകൾ നടത്തണമെന്നും നിർദ്ദേശിച്ചിരുന്നു.

എല്ലാ പൊതുമേഖലാ/അർദ്ധ സർക്കാർ സഹകരണ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനറൽ ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന വ്യവസ്ഥ പ്രകാരം പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളും, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും ചേർന്ന് കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതാണെന്ന് 2013-2014 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും, യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയും ജനറൽ ഇൻഷ്വറൻസ് ബിസിനസ്സ് നടത്തുന്നതിന് ധാരണാപത്രം ഒപ്പിടുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സൂചന(3) പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി സർക്കുലറിൽ, സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ അടക്കമുള്ള സഹകരണ സ്ഥാപന

ങ്ങളിലെ ജനറൽ ഇൻഷ്വറൻസ് ബിസിനസ്സ് സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ ബാങ്കുകൾ, അപ്പക്സ് ഫെഡറേഷനുകൾ അടക്കമുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും സംഘത്തിന്റെ/ബാങ്കിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി നടത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

സർക്കുലർ നിർദ്ദേശം, സഹകരണ സംഘങ്ങൾ/ബാങ്കുകൾ/ഫെഡറേഷനുകൾ പാലിക്കുന്നു എന്ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

ഒപ്പ്/
എസ്.ലളിതാംബിക ഐ.എ.എസ്,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, എറണാകുളം
5. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, എറണാകുളം.
6. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, എറണാകുളം.
7. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ, തിരുവനന്തപുരം
8. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
9. മാനേജിംഗ് ഡയറക്ടർ, കേരള കേര കർഷക സഹകരണ ഫെഡറേഷൻ ക്ലിപ്തം, തിരുവനന്തപുരം
10. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ വനിതാ വികസന ഫെഡറേഷൻ, തിരുവനന്തപുരം
11. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ടൂറിസം വികസന ഫെഡറേഷൻ, തിരുവനന്തപുരം
12. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ആശുപത്രി ഫെഡറേഷൻ, എറണാകുളം
13. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
14. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ
15. എല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്കും (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
16. എല്ലാ മറ്റു സഹകരണ സംഘങ്ങൾക്കും(ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
17. ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ/ജോയിന്റ് ഡയറക്ടർമാർ(ആഡിറ്റ്)

18. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
19. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
20. എഡിറ്റർ, സഹകരണ വീഥി, തിരുവനന്തപുരം
21. എഡിറ്റർ, സഹകരണ ജേർണൽ, തിരുവനന്തപുരം
22. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
23. വെബ്സൈറ്റ്
24. സ്റ്റോക്ക് ഫയൽ